നം. ഇ.എക്സ്/എഫ്1/22133/2024/സിജിഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാ ഭവൻ, പൂജപ്പുര
തിരുവനന്തപുരം, തീയതി **23/07/2024**

# സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - പരീക്ഷാഭവൻ - 2024-25 അധ്യയന വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷക്കുള്ള ഉത്തരക്കടലാസുകൾ, സി.വി. കവറുകൾ എന്നിവയുടെ എണ്ണം കണക്കാക്കി പരീക്ഷാഭവനിൽ ഓൺലൈനായി റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന:- 27/09/2019 തീയതിയിലെ സ.ഉ.(സാധാ) നം. 3854/2019/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ്.

1. 2024-25 അധ്യയന വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് മുൻ വർഷത്തെ പോലെ പരീക്ഷാഭവനിൽ നിന്നും വിതരണം ചെയ്യുന്ന ഉത്തരക്കടലാസുകൾ (സൂചന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏകീകരിച്ച ഉത്തരക്കടലാസ്സുകൾ) ആണ് ഉപയോഗിക്കേണ്ടത്. ഓരോ പരീക്ഷാകേന്ദ്രത്തിലും ഇപ്പോൾ നീക്കിയിരിപ്പുള്ള പേപ്പറിന്റെ എണ്ണം കുറവ് ചെയ്തതിനുശേഷം മാത്രമേ ആവശ്യമായ ഉത്തരക്കടലാസ്സുകളുടെ വിവരം നൽകുവാൻ പാടുള്ളു (സൂചന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏകീകരിച്ച ഉത്തരക്കടലാസ്സുകൾക്ക് പുറമേ മുൻ വർഷങ്ങളിലെ ഉത്തരക്കടലാസ്സുകൾ നീക്കിയിരിപ്പുണ്ടെങ്കിൽ ആയതിന്റെ എണ്ണം കൂടി കുറവ് ചെയ്തു വേണം ഇത്തവണ ഉത്തരക്കടലാസ്സുകൾ ആവശ്യപ്പെടേണ്ടത്). മുൻ വർഷങ്ങളിലെ ഉത്തരക്കടലാസ്സുകൾ പൂർണ്ണമായും ഉപയോഗയോഗ്യമാക്കിയതിനു ശേഷം മാത്രമേ ഏകീകരിച്ച ഉത്തരക്കടലാസ്സുകൾ ഉപയോഗിക്കാൻ പാടുള്ളൂ. ഓരോ പരീക്ഷാകേന്ദ്രത്തിലേക്കും ആവശ്യമുള്ള മെയിൻ, അഡിഷണൽ ഉത്തരക്കടലാസുകളുടെയും, സി.വി. കവറുകളുടെയും എണ്ണം ലഭ്യമാക്കുന്നതിനു വേണ്ടി ബന്ധപ്പെട്ട ഹൈസ്കൂൾ പ്രധാനാധ്യാപകൻ പരീക്ഷ എഴുതുന്ന കുട്ടികളുടെ എണ്ണം പരീക്ഷാഭവൻ വെബ്സൈറ്റായ www.sslcexam.kerala.gov.in ൽ നൽകേണ്ടതാണ്. ഇതിനായി എച്ച്.എം. ലൊഗിനിൽ പ്രവേശിച്ച് യൂസർ ഐ.ഡി. യും (സ്കൂൾ കോഡ്) പാസ്‌വേർഡും നൽകി ലോഗിൻ ചെയ്യുക. തുടർന്ന് ലഭിക്കുന്ന window ൽ Answer Paper Management എന്ന menu select ചെയ്ത് വിവരങ്ങൾ രേഖപ്പെടുത്തുക. വിവരങ്ങൾ save ചെയ്ത ശേഷം റിപ്പോർട്ടിന്റെ പ്രിന്റ് എടുക്കാവുന്നതാണ്. റിപ്പോർട്ടിന്റെ പകർപ്പ് പരീക്ഷാഭവനിലേയ്ക്ക് അയയ്ക്കേണ്ടതില്ല. ഇത്തരത്തിൽ കൃത്യമായ വിവരങ്ങൾ 2024 ആഗസ്റ്റ് 10 ന് മുമ്പായി ഓൺലൈനായി രേഖപ്പെടുത്തേണ്ടതാണ്. എല്ലാ കോളങ്ങളിലും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
2. പ്രധാനാധ്യാപകർ 2024-25 അധ്യയന വർഷം പരീക്ഷ എഴുതുമെന്ന് പ്രതീക്ഷിക്കുന്ന കുട്ടികളുടെ ആകെ എണ്ണവും, ഉത്തരക്കടലാസ്സുകളുടെയും, സി.വി. കവറുകളുടെയും നീക്കിയിരിപ്പും മാത്രം രേഖപ്പെടുത്തുകയും സ്ക്രീനിൽ കാണുന്ന ഉത്തരക്കടലാസ്സുകളുടെയും, സി.വി. കവറുകളുടെയും

എണ്ണം ശരിയാണോ എന്ന് താഴെ കൊടുത്തിട്ടുള്ള രീതിയിൽ കണക്കാക്കി ബോധ്യപ്പെടേണ്ടതുമാണ്.

| | | |
|---|---|---|
| മെയിൻ ഉത്തരക്കടലാസുകൾ | : | ആകെ കുട്ടികളുടെ എണ്ണം x 9 |
| അഡീഷണൽ ഉത്തരക്കടലാസുകൾ | : | ആകെ കുട്ടികളുടെ എണ്ണം x 9 x 3 |
| സി.വി. കവറുകൾ | : | ആകെ കുട്ടികളുടെ എണ്ണം x 9÷16 |

2024 ആഗസ്റ്റ് 01 മുതൽ ആഗസ്റ്റ് 10 വരെ iexam ൽ വിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ്.

3. എസ്.എസ്.എൽ.സി. കൂടാതെ പരീക്ഷാഭവൻ നടത്തുന്ന മറ്റ് പരീക്ഷകളുടെ കേന്ദ്രങ്ങളിലെ പ്രധാനാധ്യാപകർ അത്തരം പരീക്ഷകൾക്ക് ആവശ്യമായ പേപ്പറുകളുടെ എണ്ണം കൂടെ ഇതോടൊപ്പം ചേർത്ത് നൽകേണ്ടതാണ്. ഈ പരീക്ഷകൾക്ക് വേണ്ടി പ്രത്യേകം പേപ്പർ വിതരണം ഉണ്ടായിരിക്കുന്നതല്ല.
4. പരീക്ഷയുടെ പ്രാധാന്യം കണക്കിലെടുത്ത് ഇക്കാര്യത്തിൽ യാതൊരു തരത്തിലുമുള്ള വീഴ്ചയും ഉണ്ടാകാതെ ശ്രദ്ധിക്കണം. അനുവദിച്ചിട്ടുള്ള സമയത്തിനുള്ളിൽ വിവരങ്ങൾ ലഭ്യമാക്കാത്ത പരീക്ഷാകേന്ദ്രങ്ങൾക്ക് യാതൊരു കാരണവശാലും പരീക്ഷാഭവനിൽ നിന്നും ഉത്തരക്കടലാസുകൾ വിതരണം ചെയ്യുന്നതല്ല. ഇത്തരം സ്കൂളുകളിലെ പ്രധാനാധ്യാപകർ അവർക്ക് ആവശ്യമായ ഉത്തരക്കടലാസുകളും, സി.വി. കവറുകളും 2024-25 ലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് മുൻപ് ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും ഏറ്റെടുക്കേണ്ടതും ആയതിന്റെ ചെലവ് സ്വയം വഹിക്കേണ്ടതുമാണ്.
5. ഏതെങ്കിലും പരീക്ഷാകേന്ദ്രങ്ങളിൽ ഉത്തരക്കടലാസ്സുകളോ, സി.വി. കവറുകളോ ആവശ്യമില്ലെങ്കിൽ പ്രസ്തുത കോളത്തിൽ നിർബന്ധമായും '0' എന്ന് രേഖപ്പെടുത്തേണ്ടതാണ്.
6. 2024 സെപ്റ്റംബർ ആദ്യവാരം മുതൽ ഉത്തരക്കടലാസുകളും, സി.വി. കവറുകളും പരീക്ഷാകേന്ദ്രങ്ങളിൽ നേരിട്ട് എത്തിക്കുന്നതായിരിക്കും. ഇങ്ങനെ ലഭിക്കുന്നവ പ്രത്യേകം സൂക്ഷിക്കേണ്ടതും സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി പ്രധാനാധ്യാപകൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഉത്തരക്കടലാസുകളും, സി.വി. കവറുകളും മറ്റ് ആവിശ്യങ്ങൾക്കായി യാതൊരു കാരണവശാലും ഉപയോഗിക്കുവാൻ പാടുള്ളതല്ല. ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്കായി വിദ്യാഭ്യാസ ഓഫീസർമാർ വിവരം പരീക്ഷാ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതാണ്.
7. ഓരോ പരീക്ഷാ ദിവസവും ഉപയോഗിക്കുന്ന ഉത്തരക്കടലാസ്സുകളുടെ വിവരം പ്രധാനാധ്യാപകർ ഓൺലൈനായി രേഖപ്പെടുത്തേണ്ടതാണ്. വീഴ്ച വരുത്തിയാൽ ആ വിവരം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.
8. ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് iexam ൽ ലോഗിൻ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഉത്തരക്കടലാസ്സുകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ലാത്ത പ്രധാനാധ്യാപകർക്ക് 2024 ആഗസ്റ്റ് 10 തീയതി വൈകിട്ട് 5 മണിക്ക് മുൻപായി പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് കർശന നിർദ്ദേശം നൽകേണ്ടതാണ്. വീഴ്ച വരുത്തുന്ന സ്കൂളുകളുടെ പേരുവിവരം ഇനിയൊരറിയിപ്പു കൂടാതെ തന്നെ അനന്തര നടപടികൾക്കായി

പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നീക്കിയിരിപ്പുള്ള ഉത്തരക്കടലാസ്സുകളുടെയും, സി.വി. കവറുകളുടെയും വിവരവും പ്രസ്തുത ജില്ലാ വിദ്യാഭ്യാസ ഓഫീസർ ലോഗിൻ മുഖാന്തരം രേഖപ്പെടുത്തേണ്ടതാണ്.

9. 2024 സെപ്റ്റംബർ ആദ്യ വാരം മുതൽ തന്നെ ഉത്തരക്കടലാസ്സുകളുടെ വിതരണം ആരംഭിക്കേണ്ടതുള്ളതിനാൽ ഉത്തരക്കടലാസ്സുകളുടെ എണ്ണം രേഖപ്പെടുത്തുന്നതിനുള്ള സമയപരിധി ഒരു കാരണവശാലും ദീർഘിപ്പിക്കുന്നതല്ല. ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

**ജോയിന്റ് കമ്മീഷണർ**

സ്വീകർത്താവ്

1) എല്ലാ ഹൈസ്കൂൾ പ്രധാനാധ്യാപകർക്കും.
2) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
3) സിസ്റ്റം മാനേജർ - വിവരങ്ങൾ ഓൺലൈനായി ലഭിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനായി.

പകർപ്പ്

സൂക്ഷിപ്പ് ഫയൽ